GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

5th October 2015

## ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സംവരണം : വിജ്ഞാപനം ഭേദഗതി ചെയ്തു

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സ്ഥാനങ്ങളിൽ വനിതാ സംവരണം ചെയ്ത് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഒക്ടോബർ ഒന്നിന് പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ മൂന്ന് സ്ഥാപനങ്ങളുടെ കാര്യത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചു. ഭേദഗതി അനുസരിച്ച് തിരുവനന്തപുരം മംഗലപുരത്തിന് പകരം അണ്ടൂർക്കോണവും, ആലപ്പുഴ ചുനക്കരയ്ക്ക് പകരം ചെട്ടിക്കുളങ്ങരയും, കാസർഗോഡ് ബെള്ളൂരിന് പകരം ചെങ്ങളയും ഗ്രാമ പഞ്ചായത്തുകളിലെ പ്രസിഡന്റ് സ്ഥാനം വനിതകൾക്കായി സംവരണം ചെയ്തു.

*(എസ്.ഇ.സി. 68/2015)*

## വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിന് അവസാന ദിവസം ലഭിച്ച അപേക്ഷകൾ 31472

തദ്ദേശഭരണ തിരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനും, ഉൾക്കുറിപ്പു കൾ തിരുത്തുന്നതിനും, മണ്ഡലം മാറുന്നതിനുമായി അനുവദിച്ചിരുന്ന ഓൺലൈൻ സൗകര്യ സമയപരിധി അവസാനിച്ചു. ഇന്ന് (ഒക്ടോബർ 5) 34,242 വോട്ടർമാർ ഈ സൗകര്യം ഉപയോഗപ്പെടുത്തി. ഇതിൽ 31,472 എണ്ണം പേർ ചേർക്കുന്നതിനും, 195 എണ്ണം തെറ്റുകൾ തിരുത്തുന്നതിനും 2,575 എണ്ണം നിയോജകമണ്ഡലം മാറുന്നതിനുമുള്ള അപേക്ഷയായിരുന്നു. ചട്ട പ്രകാരമുള്ള നേർവിചാരണയ്ക്കുശേഷം ഈ അപേക്ഷകളി ന്മേൽ ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

പേര് ചേർക്കുന്നതിനും തിരുത്തുന്നതിനും നിയമ പ്രകാരം വോട്ടർമാർക്ക് അനുവദിക്കാൻ കഴി യുന്ന അവസാന അവസരമായിരുന്നു ഇന്ന്. അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചതിനുശേഷവും പൊതു താൽപര്യാർത്ഥം കഴിഞ്ഞ മാസം 23 മുതൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഓൺലൈൻ സൗകര്യം വീണ്ടും ലഭ്യമാക്കിയിരുന്നു. മൊത്തം 3,57,610 അപേക്ഷകളാണ് ഇക്കാലയളവിൽ പേര് ചേർക്കുന്നതിന് പുതുതായി ലഭിച്ചത്. പട്ടികയിലെ ഉൾക്കുറിപ്പുകൾ തിരുത്തുന്നതിന് 3,148 ഉം , നിയോജകമണ്ഡലം മാറുന്ന തിന് 45,179 ഉം അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്.

*(എസ്.ഇ.സി. 69/2015)*

(തുടരുന്നു.......1/2)

# ഏറ്റവും കൂടുതൽ വോട്ടർമാർ മലപ്പുറത്ത് കുറവ് വയനാട്ടിൽ

ഒടുവിൽ പ്രസിദ്ധീകരിച്ച വോട്ടർ പട്ടിക പ്രകാരം വരുന്ന തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ ഏറ്റവും കൂടുതൽ വോട്ടർമാർ മലപ്പുറം ജില്ലയിൽ. ഏറ്റവും കുറവ് വയനാട്ടിലാണ്. മലപ്പുറത്തെ 28,76,835 വോട്ടർമാരിൽ 14,64,309 പേർ സ്ത്രീകളും 14,12,517 പേർ പുരുഷൻമാരും 9 പേർ ഭിന്നലിംഗക്കാരുമാണ്. വയനാട്ടിലെ 5,71,392 വോട്ടർമാരിൽ 2,90,167 പേർ സ്ത്രീകളും 2,81,224 പേർ പുരുഷൻമാരും ഒരാൾ ഭിന്ന ലിംഗത്തിലും ഉൾപ്പെടുന്നു. ഇതര ജില്ലകളിലെ വോട്ടർമാരുടെ എണ്ണം ചുവടെ. ജില്ല, സ്ത്രീ, പുരുഷൻ, ഭിന്നലിംഗം, ആകെ വോട്ടർമാർ എന്ന ക്രമത്തിൽ

തിരുവനന്തപുരം - 13,70,545 - 12,19,917 - 08 - 25,90,470

കൊല്ലം - 10,59,160 - 9,52,129 - 07 - 20,11,296

പത്തനംതിട്ട - 5,29,730 - 4,66,441 - 00 - 9,96,171

ആലപ്പുഴ - 8,57,726 - 7,71,847 - 03 -16,29, 576

കോട്ടയം - 7,61,723 - 7,36,307 - 03 - 14,98,033

ഇടുക്കി - 4,25,177 - 4,19,821 - 02 - 8,45,000

എറണാകുളം - 12,02,082 - 11,60,793 - 18 - 23,62,893

തൃശ്ശൂർ - 12,71,570 - 11,49,468 - 13 - 24,21,051

പാലക്കാട് - 10,88,599 - 10,26,591 - 09 - 21,15,199

കോഴിക്കോട് - 11,73,664 -10,87,401 - 04 -22,61,069

കണ്ണൂർ - 9,98,359 - 8,64,217 - 04 - 18,62,580

കാസർഗോഡ് - 4,88,490 - 4,58,442 - 01 - 9,46,933

വോട്ടർ പട്ടികയിലുള്ള മൊത്തം 2,49,88,498 വോട്ടർമാരിൽ 1,29,81,301 പേർ സ്ത്രീകളും, 1,20,07,115 പേർ പുരുഷൻമാരും, 82 പേർ ഭിന്നലിംഗക്കാരുമാണ്.

*(എസ്.ഇ.സി. 70/2015)*